**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4009** **17-03-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ വിതരണം ചെയ്യുന്ന മരുന്നുകൾ എല്ലാം തന്നെ ആശുപത്രികളിൽ ലഭ്യാകുന്നു എന്നുറപ്പാക്കിയാണ് മുന്നോട്ട് പോകുന്നത്.<br><br>ആരോഗ്യ വകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും സമർപ്പിക്കുന്ന അവശ്യമരുന്നുകളുടെ വാർഷിക ഇന്റന്റിന് അനുസൃതമായി കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ക്ഷണിക്കുന്ന ദർഘാസുകളിൽ ലഭ്യമായ എല്ലായിനം മരുന്നുകളുടെയും വിതരണം സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലേക്കും കൃത്യമായി നടത്തിവരുന്നുണ്ട്. ഇതുകൂടാതെ ടെൻഡർ നടപടികളിൽ ഉൾക്കൊള്ളിച്ചത് പ്രകാരം ഇൻഡന്റിന്റെ 25% കൂടുതൽ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>വിതരണക്കാരെ ലഭിക്കാത്ത ഇനം മരുന്നുകൾ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള(Local purchase) അനുമതി നൽകിയിട്ടുണ്ട്.<br><br>അവശ്യമരുന്നുകൾ കൂടാതെ De Addiction, Cancer Care, Cardiac Care, Stroke,Hemodialysis, NPNCD, NPHCE, Swass, DMHP,NVHCP, Mental Health തുടങ്ങി വിവിധ പദ്ധതികൾ പ്രകാരമുള്ള മരുന്നുകളും കോർപറേഷൻ വഴി വിതരണം നടത്തി വരുന്നു. ഇതിന് പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് വിവിധ പ്രോജക്ടുകൾ വഴിയുള്ള മരുന്ന് പർച്ചേസുകളും ആശുപത്രികളിൽ നടത്താറുണ്ട്. ഇതോടൊപ്പം, കാസ്പ്, ആരോഗ്യകിരണം, ആർ.ബി.എസ്.കെ., മെഡിസെപ്പ്, ട്രൈബൽ പദ്ധതികളിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയും രോഗികൾക്ക് ആവശ്യമായ മരുന്നുകൾ നൽകിവരുന്നുണ്ട്.<br><br>കേന്ദ്ര ഗവൺമെന്റ് വഴി ലഭിക്കുന്ന വാക്സിനുകളും മറ്റു സാധനങ്ങളും (contraceptives Tab.Iron, Calcium, Zinc etc.) സ്റ്റോക്കെടുത്ത് വിതരണം ചെയ്യുന്നതിനായി ജില്ലാ/സംസ്ഥാന തലത്തിൽ Stores Officer(Family Welfare) മുഖാന്തിരം മോണിറ്റർ ചെയ്യപ്പെടുന്നുണ്ട്. ജില്ലാ തലത്തിൽ മരുന്നുകളുടെ സംഭരണ വിതരണം നടത്തുന്നത് മോണിറ്റർ ചെയ്യാനും സ്റ്റോർ വെരിഫിക്കേഷൻ നടത്തുന്നതിനായും ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ടീം ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ പ്രവർത്തിക്കുന്നു. ഓരോ സ്ഥാപനത്തിലെയും മരുന്നുവിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇൻസ്റ്റിറ്റ്യൂഷണൽ സ്റ്റോർസ് വെരിഫിക്കേഷൻ നടത്തുന്നതിനും സ്റ്റോർസ് സൂപ്രണ്ട് /ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ/ ഫാർമസിസ്റ്റ് എന്നിവരെയും നിയോഗിച്ചിട്ടുണ്ട്. സ്ഥാപനതലത്തിലെ മെഡിക്കൽ ഓഫീസർമാർ/ സുപ്രണ്ടുമാർ മേല്പറഞ്ഞ ഫാർമസി വിഭാഗം ജീവനക്കാർ വഴി മരുന്നുകളുടെ സ്റ്റോക്കിന്റെ അവസ്ഥയും വിതരണവും മോണിറ്റർ ചെയ്യുന്നു . സ്ഥാപനങ്ങളുടെ ഘടനയ്ക്കനുസരിച്ച് രാവിലെ 9മണി മുതൽ വൈകിട്ട് 6മണി വരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും നിലവിലുണ്ട്. ഫാർമസികളിലൂടെയല്ലാതെ കാഷ്വാലിറ്റി,ഇൻപേഷ്യന്റ് (ഐപി) തുടങ്ങിയ വിഭാഗങ്ങളിലൂടെയും രോഗികൾക്ക് മരുന്നു ലഭ്യമാകുന്നുണ്ട്. ജീവൻ രക്ഷാ ഔഷധങ്ങളായ ആന്റി സ്നേക് വെനം (ASV), Intra dermal rabies vaccine (IDRV), ERIG തുടങ്ങിയവ മുടക്കം കൂടാതെ ലഭ്യമാകുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തി വരുന്നു. ഓരോ സ്ഥാപനങ്ങളിലേയും സ്റ്റോർസ് കസ്റ്റോഡിയൻമാർ പ്രസ്തുത സ്ഥാപനത്തിലെ വിവിധ യൂണിറ്റ്/സെക്ഷനുകളിൽ നിന്ന് ലഭിക്കുന്ന ഇൻഡന്റുകൾ കൺസോളിഡേറ്റ് ചെയ്ത് സ്ഥാപന മേധാവി ചെയർമാനായി രൂപീകരിച്ച കമ്മറ്റിയിൽ അവലോകനം നടത്തി അംഗീകരിച്ചതിനുശേഷം ജില്ലാ മെഡിക്കൽ ഓഫീസിലേയ്ക്ക് അയയ്ക്കുന്നു. മരുന്നുകളുടെ ഷോർട്ടേജ് കണ്ടെത്തുന്നതിനും സ്റ്റോക്ക് പൊസിഷൻ മോണിറ്റർ ചെയ്യുന്നതിനും Drug Distribution Management System (DDMS) എന്ന സോഫ്റ്റ്‌വെയർ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അതിരൂക്ഷമായ മരുന്നുക്ഷാമം അനുഭവപ്പെട്ടിട്ടുള്ളത് ഏതെല്ലാം ജില്ലാ, താലൂക്ക് ആശുപത്രികളിലാണ് എന്നും അതിന്റെ കാരണവും അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ ആശുപത്രികളിലൊന്നും തന്നെ നാളിതുവരെ അതിരൂക്ഷമായ മരുന്ന് ക്ഷാമം അനുഭവപ്പെട്ടിട്ടില്ല.<br><br>കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ സംഭരണശാലകളിലും ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നുകളുടെയും അനുബന്ധ സാമഗ്രികളുടേയും സ്റ്റോക്ക് ലഭ്യത ദിവസവും നിരീക്ഷിച്ച്, മരുന്നുകളുടെ ലഭ്യത കൃത്യമായ ഇടവേളകളിൽ ഉറപ്പാക്കി വരുന്നുണ്ട്. മരുന്നുകളുടെ ലഭ്യത വിലയിരുത്തുന്നതിനായി ആഴ്ചതോറും വെയർഹൗസ് മാനേജർമാരുടെ അവലോകന യോഗം നടത്തി വരുന്നു. കൂടാതെ മാസംതോറും നടത്തുന്ന സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ മരുന്നുകളുടെ നിലവിലെ സ്റ്റോക്ക് നിലവാരം വിശകലനം ചെയ്യുകയും അവയുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നു.<br><br>മരുന്നുകളുടെ ജില്ലാ തല സ്റ്റോക്ക് വിശകലനം ചെയ്ത് സ്റ്റോക്ക് ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ആരോഗ്യ വകുപ്പ് തലത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗം സംഘടിപ്പിക്കാറുണ്ട്.<br>ഏതെങ്കിലും ആരോഗ്യ സ്ഥാപനത്തിൽ മരുന്ന് വിതരണത്തിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യം ഉണ്ടാകുന്ന പക്ഷം പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിച്ച് മരുന്ന് വിതരണം തടസ്സരഹിതമാക്കുന്നതിനു പ്രത്യേക വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സർക്കാർ ആശുപത്രികളിൽ നൽകുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്.<br><br>സർക്കാർ ആശുപത്രികളിൽ നൽകുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപറേഷനിൽ ക്വാളിറ്റി കൺട്രോൾ വിഭാഗം നിലവിലുണ്ട്. കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും സാമ്പിളുകൾ പരിശോധിച്ച് പരിശോധനാ റിപ്പോർട്ട് നൽകാറുണ്ട്.<br>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

<u>മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ വിശദാംശങ്ങൾ</u>

1. കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ മരുന്നുകൾക്കുള്ള ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഗുണനിലവാര പരിശോധനയുടെ ഭാഗമായി ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽ പാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യമുണ്ട് എന്ന് ഉറപ്പുവരുത്തിയശേഷം പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർ ഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനു മുൻപ് ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ അംഗീകൃത ലാബ് (NABL Accredited lab) അല്ലെങ്കിൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേന്ദ്ര മരുന്നുപരിശോധനാ ലബോറട്ടറിയിൽ(CDL/NIB) യിൽ നിന്നുമുള്ള പരിശോധനാഫലവും ഇൻഹൗസ് ടെസ്റ്റ് റിപ്പോർട്ടും ഇൻവോയിസ് കോപ്പിയും ഗുണനിലവാര വിഭാഗത്തിലേയ്ക്ക് ഇ-മെയിലിലൂടെ അയച്ചു നൽകുന്നു. സാമ്പത്തിക വർഷം, വിതരണക്കാരുടെ പേര്, മരുന്നിന്റെ പേര്, എൻ.എ.ബി.എൽ ലാബിന്റെ പേര്, റിപ്പോർട്ട് നമ്പർ, ബാച്ച് നമ്പർ, ഉത്പാദന തീയതി, കാലഹരണ തീയതി എന്നിവ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തും. ടി പരിശോധനാഫലം പരിശോധിച്ച ശേഷം DDMS സോഫ്റ്റ് വെയറിൽ Approved/Rejected എന്ന വിവരം അപ്ഡേറ്റ് ചെയ്യും. ഇപ്രകാരം അപ്ഡേറ്റ് ചെയ്യുമ്പോൾ ഗുണനിലവാര വിഭാഗം അപ്രൂവ് ചെയ്യുന്ന ഇനങ്ങളുടെ ബാച്ചുകൾ മാത്രമാണ് ജില്ലാ മരുന്നുസംഭരണ ശാലകളിൽ സംഭരണ വിതരണത്തിനായി സ്വീകരിക്കുന്നത്.
2. കൂടാതെ കോർപറേഷൻ, മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനു പരിശോധന നടത്തുന്നതിനായി എൻ.എ.ബി.എൽ എംപാനൽഡ് ലാബുകളെയും തിരഞ്ഞെടുത്തിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നുമുള്ള ഗവ.അനലിസ്റ്റുമാരും ഡ്രഗ്സ് ഇൻസ്പെക്ടർ മാരും അടങ്ങുന്ന വിദഗ്ധ കമ്മിറ്റി എൻ.എ.ബി.എൽ ലാബുകളിൽ പരിശോധന നടത്തി, ടി വിദഗ്ധ കമ്മിറ്റി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരള മെഡിക്കൽ സർ വ്വീസസ് കോർപ്പറേഷൻ എൻ.എ.ബി.എൽ എംപാനൽഡ് ലാബുകളെ തിരഞ്ഞെടുക്കുന്നത്.
3. ഓരോ വർഷവും കോർപറേഷൻ സംഭരിച്ചു വിതരണം ചെയ്യുന്ന മരുന്നുകളുടെ, DDMS സോഫ്റ്റ് വെയർ ആട്ടോമാറ്റിക്കായി തിരഞ്ഞെടുക്കുന്ന 30% ത്തിൽ കുറയാതെയുള്ള സാമ്പിളുകൾ ശേഖരിച്ചശേഷം മരുന്നുകളുടേയും ഉത്പാദകരുടേയും പേരും മറ്റു വിവരങ്ങളും മായ്ച്ച് കോർപറേഷന്റെ DDMS സോഫ്റ്റ് വെയർ നൽകുന്ന സാമ്പിൾ കോഡ്/ലേബൽ പതിപ്പിച്ച് ഇങ്ങനെ കോഡ് ചെയ്യുന്ന സാമ്പിളുകൾ എൻ.എ.ബി.എൽ എംപാനൽഡ് ലബോറട്ടറികളിലേക്കും/ സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്കും അയച്ചു ഗുണനിലവാര പരിശോധന നടത്തിക്കൊണ്ടിരിക്കുന്നു. എൻ.എ.ബി.എൽ എംപാനൽഡ് ലാബുകളിലെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന മരുന്നുകളെ സ്ഥിരീകരണ പരിശോധനയ്ക്കായി

സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേക്ക് അയയ്ക്കുന്നു. ഇപ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പരിശോധനയിൽ ഗുണനിലവാരമില്ല എന്നു കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം DDMS സോഫ്റ്റ് വെയർ പ്രകാരം നിർത്തലാക്കുകയും ചെയ്യുന്നു. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിനു പുനരുപയോഗത്തിനുള്ള മോചനാനുമതി നല്കുന്നതാണ്. ടി വിവരങ്ങൾ ജില്ലാ മരുന്നുസംഭരണ വിതരണശാലകളെ അറിയിക്കുകയും ചെയ്യുന്നു.

4. കോർപറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകൾ ഗുണനിലവാര പരിശോധനയിൽ ഉൾപ്പെടാതെ പോകുന്നത് തടയുന്നതിലേയ്ക്കായി പർച്ചേസ് ഓർഡറിന്റെ ആദ്യത്തെ ബാച്ച് ഗുണനിലവാര പരിശോധനയ്ക്കായി അയക്കുന്നു. കൂടാതെ കാലഹരണ തീയതി അവസാനിക്കുന്നതിനു മുൻപു വരെ ഗുണനിലവാരമുണ്ടെന്നു ഉറപ്പു വരുത്തുന്നതിലേയ്ക്കായി റാൻഡമായി മരുന്നുകളുടെ ലഭ്യമായ സാമ്പിളുകൾ കോർപ്പറേഷൻ ഗുണനിലവാര പരിശോധന നടത്താറുണ്ട്.
5. ഒരു മരുന്നിനെ സംബന്ധിച്ച് സമാനസ്വഭാവമുള്ള പരാതികൾ ലഭ്യമാകുന്ന സാഹചര്യത്തിൽ Continuous Quality Evaluation -ന്റെ ഭാഗമായി ടി മരുന്നിന്റെ ലഭ്യമായ മറ്റു ബാച്ചുകൾ കൂടി ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.
6. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസിലാക്കിയശേഷം പ്രസ്തുത ബാച്ചിൽപെട്ട മരുന്നിന്റെ ഉപയോഗം Freeze Memo നൽകി ഓൺലൈൻ സോഫ്റ്റ് വെയർ പ്രകാരം സംസ്ഥാനവ്യാപകമായി മരവിപ്പിക്കുന്നു. പരാതി ഉയർന്ന സ്ഥാപനത്തിൽ നിന്നും സാമ്പിൾ ശേഖരിച്ച് സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേക്ക് അയയ്ക്കുന്നു. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിനു പുനരുപയോഗത്തിനുള്ള മോചനാനുമതി നല്കുന്നതാണ്. പരിശോധനയിൽ ഗുണനിലവാരമില്ല എന്നു കണ്ടെത്തിയാൽ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ അറിയിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് നടത്തുകയും ചെയ്യുന്നു. ഇപ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പിൻറെ പരിശോധനയിൽ ഗുണനിലവാരമില്ല എന്നു കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം Stop Memo നൽകി ഓൺലൈൻ സോഫ്റ്റ് വെയർ പ്രകാരം നിർത്തലാക്കുകയും ചെയ്യുന്നു.
7. കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ, റാൻഡമായി കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് (Statutory Analysis) നടത്തുകയും ചെയ്യുന്നുണ്ട്.
8. ഒരു ദർഘാസ് കാലയളവിൽ ഒരു ഉത്പാദകൻ വിതരണം ചെയ്ത മരുന്നുകളിൽ ഏതെങ്കിലും ഒരിനം മരുന്നിന്റെ മൂന്നു ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി തെളിയുന്ന പക്ഷം ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും പ്രസ്തുത ഉത്പാദകന്റെ ടി മരുന്നിനെ കോർപ്പറേഷന്റെ തുടർന്നുള്ള മൂന്നുവർഷത്തെ ദർഘാസ് നടപടികളിൽ നിന്നും വിലക്കുകയും ചെയ്യുന്നു. അപ്രകാരം മൂന്നു ബാച്ചുകൾ ഗുണനിലവാരമില്ലാത്തതാകുന്ന പക്ഷം ടി മരുന്നിന്റെ ലഭ്യമായ മറ്റു ബാച്ചുകളും കോർപ്പറേഷൻ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.
9. ഒരു ഉത്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ടോ അതിലധികമോ ഇനം മരുന്നുകൾ പ്രസ്തുത ദർഘാസ് കാലയളവിൽ ഇത്തരത്തിൽ കരിമ്പട്ടികയിൽപ്പെടുത്തിയാൽ ടി മരുന്നു

കമ്പനിയെതന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും കോർപറേഷന്റെ തുടർന്നുള്ള 3 വർഷത്തെ ദർഘാസ് നടപടികളിൽ നിന്ന് വിലക്കുകയും ചെയ്യുന്നു.

10. ശീതസംഭരണ ഊഷ്മാവിലും (20-80c), നാർകോട്ടിക് വിഭാഗത്തിലും ഉൾപ്പെടുന്ന മരുന്നുകൾ ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ സഹായത്തോടു കൂടി നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽ സിലും ഇതര സെൻട്രൽ ഡ്രഗ്സ് ലബോറട്ടറികളിലും അയയക്കുന്നതിലേയ്ക്കായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനങ്ങളോ കേന്ദ്ര എജൻസിയോ ഏതെങ്കിലും മരുന്നുകളെയോ ഉത്പാദകരെയോ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയാൽ പ്രസ്തുത കമ്പനിക്കെതിരെ ദർഘാസ് വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

12. കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകളുടെ ദർഘാസ് നടപടികളുടെ ഭാഗമായി ദർഘാസിലെ 3-8 വിഭാഗത്തിലെ Appendix III ൽ പരാമർശിച്ചിട്ടുള്ള Blood Diagnostics Kits / Reagents and Medical Devices-ന്റെ ഗുണനിലവാരം ഉറപ്പിക്കുന്നതിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയും വിദഗ്ധരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി കോർപ്പറേഷൻ രൂപീകരിക്കുകയും കേരളത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ Sample Evaluation നടത്തി ഗുണനിലവാരം ഉറപ്പിക്കുകയും ചെയ്തതിനു ശേഷം പ്രസ്തുത ഇനങ്ങൾ മാത്രമാണ് ദർഘാസിൽ ഉൾപ്പെടുത്തുന്നത്.

13. പൊതുജനങ്ങൾക്ക് മരുന്നുകളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് പരാതികൾ നല്കുന്നതിലേയ്ക്കായി 1800-425-0945 എന്ന ടോൾ ഫ്രീ നമ്പർ എല്ലാ സർക്കാർ ആശുപത്രികളിലേയും ഫാർമസികളിൽ പ്രദർശിപ്പിക്കുകയും സാധാരണക്കാരന് പരാതി നൽകുവാൻ കഴിയുന്ന തരത്തിൽ COMPLAINT REGISTRATION FORM തയ്യാറാക്കി സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളിലേയും ഫാർമസി മുഖേന പൊതുജനങ്ങൾക്കു ലഭ്യമാകുന്ന രീതിയിൽ നൽകുകയും ചെയ്തിട്ടുണ്ട്.